**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഫണ്ട് ദുരുപയോഗം തടയുന്നതിനായി സോഷ്യൽ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിനായി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുമോ; | (എ) | നിലവിൽ വകുപ്പിൽ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന, ആഭ്യന്തര വിഭാഗത്തിന്റെ വകുപ്പുതല പരിശോധന, നിയന്ത്രണ ഉദ്യോഗസ്ഥരുടെ പരിശോധന എന്നിവ മാത്രമേ നടത്തി വരുന്നുള്ളൂ. സോഷ്യൽ ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട നിലവിലുള്ള ഊരുകൂട്ട സംവിധാനങ്ങളും, വിവിധ പദ്ധതികളിൽ ജനപ്രതിനിധികളും കൂടി അംഗങ്ങൾ ആയിട്ടുള്ള മോണിറ്ററിംഗ് സമിതികൾ മുഖേനയുള്ള പദ്ധതി വിലയിരുത്തലുകളും സോഷ്യൽ ആഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ഊരുകൂട്ടങ്ങളുടേയും ജനകീയ സമിതികളുടേയും പങ്കാളിത്തത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതി പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സഹായകമാകും. |
| (ബി) | എങ്കിൽ പ്രസ്തുത ഓഡിറ്റ് എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ വകുപ്പിൽ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന, ആഭ്യന്തര വിഭാഗത്തിന്റെ വകുപ്പുതല പരിശോധന, നിയന്ത്രണ ഉദ്യോഗസ്ഥരുടെ പരിശോധന എന്നിവ മാത്രമേ നടത്തി വരുന്നുള്ളൂ. സോഷ്യൽ ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട നിലവിലുള്ള ഊരുകൂട്ട സംവിധാനങ്ങളും, വിവിധ പദ്ധതികളിൽ ജനപ്രതിനിധികളും കൂടി അംഗങ്ങൾ ആയിട്ടുള്ള മോണിറ്ററിംഗ് സമിതികൾ മുഖേനയുള്ള പദ്ധതി വിലയിരുത്തലുകളും സോഷ്യൽ ആഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ഊരുകൂട്ടങ്ങളുടേയും ജനകീയ സമിതികളുടേയും പങ്കാളിത്തത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ